(ബി) നിലവിൽ മീറ്റർ റീഡർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഒഴിവുകളിൽ എത്രപേരെ നിയമിക്കാൻ നടപടിയായി എന്നും ബാക്കിയുള്ളവരെ എന്ന് നിയമിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 892

(ബി) നിലവിൽ 829 ഒഴിവുകളുണ്ട്.

(സി) ആന്റ് (ഡി) 518 ഒഴിവുകൾ പി. എസ്. സി. മുഖേന നികത്താനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. ബാക്കി ഒഴിവുകളിൽ പി. എസ്. സി. മുഖേനയും പ്രൊമോഷൻ മുഖേനയും നടത്തേണ്ടവ എത്രയെന്ന് തിട്ടപ്പെടുത്താനുണ്ട്.

വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നടപടി

21 [1109] ശ്രീ. ബി. വിജയകുമാർ :
,, എം. മുരളി :
,, എ. കെ. മണി :
ശ്രീമതി മേഴ്സി രവി. :
ശ്രീ. വർക്കല കഹാർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കൊച്ചി എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിലേതൊഴിച്ച് മറ്റ് നഗരസഭകളിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇതിന് എന്തു ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു ;

(ഡി) എത്ര കാലയളവിനുള്ളിൽ ഇതു നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) ഭാരത സർക്കാരിന്റെ ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പരിപാടി (എ.പി.ഡി.ആർ.പി.) അനുസരിച്ച് തിരുവനന്തപുരം, കൊച്ചി എന്നീ കോർപ്പറേഷനുകളെ കൂടാതെ കൊല്ലം, കോഴിക്കോട്, തൃശ്ശൂർ (പഴയ മുനിസിപ്പൽ പ്രദേശം ഒഴികെ) എന്നീ കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര, നെടുമങ്ങാട്, പുനലൂർ, കായംകുളം, ചെങ്ങന്നൂർ, മാവേലിക്കര, ആലപ്പുഴ, ചേർത്തല, കോട്ടയം, തൊടുപുഴ, തൃപ്പൂണിത്തുറ, ആലുവ, അങ്കമാലി, കളമശ്ശേരി, വടക്കൻ പറവൂർ, പെരുമ്പാവൂർ, മൂവാറ്റുപുഴ, കോതമംഗലം,

LIBRARY ARCHIVES Kerala Legislative Assembly

കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ചാലക്കുടി, ഗുരുവായൂർ, ചാവക്കാട്, കുന്നംകുളം, ഷൊർണ്ണൂർ, ഒറ്റപ്പാലം, പാലക്കാട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ എന്നീ മുനിസിപ്പാലിറ്റികളിലും വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പരിപാടികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു. കൂടാതെ അടൂർ, പത്തനംതിട്ട, തിരുവല്ല, തിരൂർ, മലപ്പുറം, മഞ്ചേരി, പെരിന്തൽമണ്ണ, പൊന്നാനി, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ മുനിസിപ്പാലിറ്റികളിൽ എ.പി.ഡി.ആർ.പി. സർക്കിൾതല പദ്ധതിയനുസരിച്ചും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

(സി) 475 കോടി രൂപ.

(ഡി) 31-3-2006-നകം ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

വൈദ്യുതിരംഗത്ത് കൊച്ചി നഗരത്തിന്റെ വികസന സാദ്ധ്യത

22 [1110] ശ്രീ. കെ. ബാബു :
,, ടി. യു. രാധാകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിന്റെ ഭാവി വികസന സാദ്ധ്യതകൾ എന്തെല്ലാമാണെന്ന് വൈദ്യുതി ബോർഡ് പഠിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വികസന സാദ്ധ്യതകൾ കണക്കിലെടുത്ത് വൈദ്യുതിരംഗത്ത് നടപ്പാക്കേണ്ട പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ ; എങ്കിൽ അവയെന്തെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അതിനെന്ത് ചെലവ് വരുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചി നഗരത്തിന്റെ ഭാവി വികസന സാദ്ധ്യതകൾ കണക്കിലെടുത്ത് വിദ്യുച്ഛക്തി മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾക്ക് രൂപം നൽകി വരുന്നു. ഇതിന്റെ ഭാഗമായി കൊച്ചി പലർ ഓഗ്മെന്റേഷൻ പ്രോഗാം (കെ.പി.എ.പി.)-ന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. കൂടാതെ വിതരണ മേഖലയിലും, ഉപപ്രസരണ മേഖലയിലും 200 കോടി രൂപയുടെ നവീകരണ പദ്ധതി ഭാരത സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) 2007-ഓടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രസ്തുത കേന്ദ്ര സഹായ പദ്ധതിക്ക് 200 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

GCPT. 2/2311/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly